മത്താ. 21:1-17
**ഓശാന ഞായർ**
**2024 മാർച്ച് 24**

**ഡോ. ജോഷി പുതുശ്ശേരി** വചനഭാഷ്യം

# വ്യത്യസ്തനായ രാജാവ്, മിശിഹാ, ദൈവം

ഓശാനഞായർ ആചരണത്തിന് ആധാരമായ സംഭവങ്ങളുടെ മത്തായി സുവിശേഷ വിവരണം (21:1-17) പഴയ നിയമ പ്രവചനങ്ങളുടെ പൂർത്തീകരണമാണ് യേശുവെന്ന് അടിവരയിടുന്നു. അതേ സമയം, നിലവിലുള്ള പ്രതീക്ഷകൾക്ക് വിഭിന്നനായ രാജാവും മിശിഹായും ദൈവവുമായാണ് യേശു തന്നെത്തന്നെ വെളിപ്പെടുത്തുന്നത്.

കേസറിയ-ഫിലിപ്പിയിൽ നിന്ന് നൂറിലേറെ മൈലുകൾ കാൽനടയായി താണ്ടിയാണ് യേശു ഒലിവുമലയിലെ ബേത്ഫഗെയിൽ എത്തിയത്. ലക്ഷ്യസ്ഥാനമായ ജറുസലേമിലേക്ക് ഇനി ഒരു മൈൽ ദൂരം കൂടിയേയുള്ളൂ. പെസഹാ ആചരണത്തിനായി വരുന്നവർ കാൽനടയായി ജറുസലേമിലേക്ക് പ്രവേശിക്കുന്നതാണ് പതിവ്. എന്നിട്ടും ഈ ചെറുദൂരത്തിനായി യേശു ഒരു കഴുതയെയും അതിന്റെ കുട്ടിയെയും വരുത്തുന്നു. നിർണ്ണായകഘട്ടങ്ങളിൽ പ്രജകളുടെ വസ്തുക്കൾ ഏറ്റെടുക്കാനുള്ള ഒരു രാജാവിന്റെ അധികാരത്തോടെയാണ് യേശു ഇത് ക്രമീകരിക്കുന്നത് (vv.2,3).

സീയോൻ പുത്രിയുടെ അടുത്തേക്ക് അവളുടെ രാജാവെഴുന്നള്ളി വരുന്നതിനെക്കുറിച്ചുള്ള പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഇതെന്നാണ് സുവിശേഷകന്റെ വിശദീകരണം (vv.4,5). യേശുവിനെ അനുഗമിക്കുന്ന ജനം ഇത് തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണ് യേഹുവിനെ രാജാവായി പ്രഖ്യാപിച്ചപ്പോൾ ചെയ്തതുപോലെ (2 രാജ. 9:13) അവർ വഴിയിൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചത് (v.8); യുദ്ധവിജയ സമയത്തെന്നപോലെ (2 മക്ക. 10:7) മുറിച്ച മരച്ചില്ലകൾ നിരത്തിയത്; 'ദാവീദിന്റെ പുത്രന്' ഹോസാന പാടിയത് (v.9). എന്നാൽ, ജനം പ്രതീക്ഷിക്കുന്നപോലെ, റോമിന്റെ ആധിപത്യത്തിൽ നിന്ന് ഇസ്രായേലിനെ മോചിപ്പിക്കുന്ന ഒരു രാജാവോ മിശിഹായോ അല്ല യേശു. അതിനാൽ, പ്രവചന പൂർത്തീകരണാർത്ഥമാണ് രാജകീയ പ്രവേശം എന്നു വ്യക്തമാക്കാൻ സഖറിയ 9:9 ഉദ്ധരിക്കുമ്പോൾ, 'പ്രതാപവാനും ജയശാലിയു'മായാണ് അവൻ വരുന്നതെന്ന ഭാഗം സുവിശേഷകൻ ബോധപൂർവം ഒഴിവാക്കുന്നുണ്ട്. യുദ്ധത്തിന്റെയും ആധിപത്യത്തിന്റെയും അടയാളമായ കുതിരയെ ഒഴിവാക്കി, കഴുതപ്പുറത്ത് 'വിനയാന്വിതനായി' (*praus* = gentle, meek, humble) കടന്നു വരുന്ന 'ശാന്തശീലനും വിനീതഹൃദയനു'മായ (11:29) രാജാവാണവൻ. മുൻപ് ഗലീലിയിൽ അത്ഭുതപ്രവർത്തന സമയത്ത്, ദാവീദിന്റെ പുത്രനെന്ന് - മിശിഹായെന്ന് - തന്നെ വിളിച്ചവരോട്, അക്കാര്യം രഹസ്യമാക്കി സൂക്ഷിക്കാൻ യേശു ആവശ്യപ്പെട്ടിരുന്നു (9:27-30). എന്നാൽ, ഇപ്പോൾ ദാവീദിന്റെ പുത്രന്

ഹോസാന പാടിയവരെ നിശ്ശബ്ദരാക്കുന്നില്ല (v.9); വിലക്കുന്നില്ല (vv.15–16). ജറുസലേമിലേക്ക് താൻ കയറുന്നത് കുരിശിലേറാനാണെന്ന് മൂവുരു അവൻ വ്യക്തമാക്കിയിട്ടുണ്ട് (16:21–23; 17:22–23; 20:17–19). അത്ഭുതപ്രവർത്തകനോ ഭൗതികരക്ഷ പ്രദാനം ചെയ്യുന്നവനോ മാത്രമായ ഒരു മിശിഹായായി തെറ്റിദ്ധരിക്കപ്പെടാൻ കഴിയാത്തവിധം സഹനത്തിലൂടെ രക്ഷ പ്രദാനം ചെയ്യുന്ന മിശിഹായായി വെളിപ്പെടുത്തപ്പെടുന്ന ദിനങ്ങളാണ് മുന്നിലെന്ന് അവന് കൃത്യമായറിയാം.

രാജകീയ പ്രവേശനത്തിനുശേഷം അന്നുതന്നെ ജറുസലേം ദേവാലയ ശുദ്ധീകരണം നടത്തപ്പെടുന്നതായാണ് മത്തായിയുടെ വിവരണം. മെസിയാനിക രാജാവിന്റെ അധികാരത്തോടും 'നസറത്തിൽ നിന്നുള്ള പ്രവാചകനു' (v.11) ചേർന്ന ധീരതയോടും യേശു പ്രവർത്തിക്കുന്നു. 'സമാധാന രാജാവ്' എന്നതിന് അരുതായ്മകളോടുള്ള സന്ധിയെന്നല്ല അർത്ഥമെന്ന് ഇത് വ്യക്തമാക്കുന്നു. കുട്ടികൾ 'ദാവീദിന്റെ പുത്രന്' ഹോസാന പാടിയതിനെ എതിർത്ത പ്രധാന പുരോഹിതർക്കും നിയമജ്ഞർക്കും സങ്കീർത്തനം 9:2 ഉദ്ധരിച്ചാണ് യേശു മറുപടി നല്കുന്നത്. സ്രഷ്ടാവായ ദൈവത്തിന് ശിശുക്കളും മുലകുടിക്കുന്ന കുഞ്ഞുങ്ങളും സ്തുതി പാടിയതിനെ, തനിക്ക് ഹോസാന പാടുന്നതിനെ ന്യായീകരിക്കാൻ ഉദ്ധരിച്ചുകൊണ്ട്, താൻ ദൈവം തന്നെയാണെന്ന് അവൻ വെളിപ്പെടുത്തുന്നു. അതിനാൽ, ദൈവം തന്റെ ആലയത്തെ തന്റെ സങ്കല്പത്തിനു ചേർന്ന വിധം പുനഃക്രമീകരിക്കുന്ന സംഭവമാണ് ദേവാലയ ശുദ്ധീകരണം.

ദേവാലയ മതിൽക്കെട്ടിനു പുറത്തു നടന്നിരുന്ന നാണയമാറ്റവും കച്ചവടവും ദേവാലയത്തിനകത്തെ വിജാതീയ അങ്കണത്തിലെത്തിച്ചത് പ്രധാനാചാര്യനായ കയ്യഫാസാണെന്ന് പറയപ്പെടുന്നു. 'വില്ക്കുകയും വാങ്ങുകയും' ചെയ്യുന്നവരെ ഒരുപോലെ പുറത്താക്കി (v.12), നേർച്ചകാഴ്ചകൾ കൊണ്ടും അനുഷ്ഠാന വിധികൾകൊണ്ടും തൃപ്തിപ്പെടുത്താവുന്ന ദൈവത്തെക്കുറിച്ചുള്ള ധാരണ യേശു തിരുത്തുന്നു. അനുദിനജീവിതത്തിൽ സകല തിന്മകളും ചെയ്തിട്ട്, ദേവാലയത്തിലെ ഭക്തകൃത്യങ്ങൾ കൊണ്ട് മറ തീർക്കുന്നതിനെയാണ് ജറെമിയ 7:11–ലെ 'കവർച്ചക്കാരുടെ ഗുഹ'യെന്ന പ്രയോഗം കടമെടുത്ത് യേശു തള്ളിപ്പറയുന്നത്. അശുദ്ധരെന്നും ദേവാലയത്തിൽ പ്രവേശിക്കാൻ പാടില്ലാത്തവരെന്നും കരുതപ്പെട്ടിരുന്ന അന്ധരെയും മുടന്തരെയും (2 സാമു. 5:8) സ്വീകരിച്ചും സൗഖ്യപ്പെടുത്തിയും (v.14), ശുദ്ധാശുദ്ധി നോക്കുന്ന, കുലീനരെന്നും അധഃകൃതരെന്നും മനുഷ്യരെ വേർതിരിക്കുന്ന, മതാത്മകത ദൈവത്തിന്റേതല്ലെന്ന് അവൻ വ്യക്തമാക്കുന്നു. ദൈവവും മനുഷ്യനും കണ്ടുമുട്ടുന്ന, സ്തുതിയും സൗഖ്യവും പരസ്പരം കൈമാറുന്ന ഭവനമാണ് യേശുവിന് ദൈവാലയം.

ദൈവത്തെയും ദേവാലയത്തെയും കുറിച്ചുള്ള യേശുവിന്റെ ദർശനത്തെയോ, അവൻ വരാനിരുന്ന രാജാവും മിശിഹായുമാണെന്ന യാഥാർത്ഥ്യത്തെയോ ഉൾക്കൊള്ളാൻ പ്രധാന പുരോഹിതർക്കും നിയമജ്ഞർക്കുമായില്ല. [പണ്ട്, ജ്ഞാനികൾ യഹൂദരുടെ രാജാവായി പിറന്നവനെ തേടി വന്നപ്പോഴും യേശുവിനെ സ്വീകരിക്കാൻ പ്രധാന പുരോഹിതന്മാരും നിയമജ്ഞരും പരാജയപ്പെ

ട്ടിരുന്നു (2:1–6)] അതിനാൽ, യേശു 'അവരെ വിട്ട്' നഗരത്തിനു വെളിയിൽ ബഥാനിയായിലേക്കു പോയി. അവിടെ രാത്രി ചെലവഴിച്ചു' (v.17). ദൈവത്തിന്റെ പ്രതിനിധികളും ദൈവഹിതത്തിന്റെ വ്യാഖ്യാതാക്കളുമായി കരുതപ്പെട്ടവർ മൂലം ദൈവം തന്റെ ആലയം വിട്ടിറങ്ങേണ്ടി വരുന്നു!

വാഗ്ദാനങ്ങളുടെ പൂർത്തീകരണവും എന്നാൽ പ്രതീക്ഷകൾക്ക് വിപരീതവുമായ രാജാവും മിശിഹായും ദൈവവുമായി യേശു വെളിപ്പെടുത്തപ്പെട്ട ദിനമാണ് ഓശാന. എളിമയും സഹനവും മുഖമുദ്രയായ ഈ രക്ഷകനെ സ്വീകരിക്കാനാകുന്നവർക്കേ അവന്റെ പെസഹാനുഭവത്തിലൂടെ കടന്ന് ഉയിർപ്പിന്റെ മഹത്വത്തിലെത്താനാവൂ. ഓശാന ഞായറിന്റെ ഈ ക്ഷണം ഫലപ്രദമായി സ്വീകരിക്കാൻ നമുക്കാവുമോ? ✦